"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 14-06-2021

സർക്കുലർ നം Circular_A1-28642/2019/PrHQ-01

20/01/2016 തീയതിയിലെ GO(P) 07/2016/Fin എന്ന സർക്കാർ (പത്താം ശംബള കമ്മീഷൻ) ഉത്തരവ് പ്രകാരം 35700-75600 എന്ന ശംബള സ്കെയിലിലോ അതിനു മുകളിലോ ഉള്ള ശംബള സ്കെയിലുകളിൽ ശംബളം വാങ്ങുന്ന സർക്കാർ ജീവനക്കാർ ഔദ്യോഗിക വസതി ഉപയോഗിക്കുന്നുണ്ടെങ്കിൽ അവർ വാങ്ങുന്ന അടിസ്ഥാന ശംബളത്തിന്റെ 2% വരുന്ന തുക 01/02/2016 തീയതി മുതൽ പ്രാബല്ല്യത്തിലും, 10/02/2021 തീയതിയിലെ GO(P) 27/2021/Fin എന്ന സർക്കാർ (പതിനൊന്നാം ശംബള കമ്മീഷൻ) ഉത്തരവ് പ്രകാരം 50200-105300 എന്ന ശംബള സ്കെയിലിലോ അതിനു മുകളിലോ ഉള്ള ശംബള സ്കെയിലുകളിൽ ശംബളം വാങ്ങുന്ന സർക്കാർ ജീവനക്കാർ അവർ വാങ്ങുന്ന അടിസ്ഥാന ശംബളത്തിന്റെ 2% വരുന്ന തുക 01/03/2021 തീയതി മുതൽ പ്രാബല്ല്യത്തിലും വീട്ടു വാടക ഇനത്തിൽ അവർ വാങ്ങുന്ന മാസ ശംബളത്തിൽ നിന്നും കുറവ് ചെയ്യുന്നതിന് ബന്ധപ്പെട്ട DDO മാരെ ചുമതലപ്പെടുത്തി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജയിൽ വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർ ജയിൽ വകുപ്പിൻറെ തന്നെ കീഴിൽ ഉള്ള വാടക രഹിത കോർട്ടേഴ്സുകളിൽ താമസിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ടി വിഭാഗം ജീവനക്കാരെ 2% റെൻറിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിലേക്കായുള്ള അപേക്ഷ സർക്കാരിൻറെ പരിഗണനയിൽ ആണ്. ആയതിനാൽ ടി വിഷയത്തിൻമേൽ സർക്കാർ തീരുമാനം വരുന്ന മുറയ്ക്ക് ടി വിഭാഗം ജീവനക്കാരിൽ നിന്നും ടി തുക കുടിശിഖ സഹിതം സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതായിരിക്കും.
എന്നാൽ ഇത്തരത്തിലുള്ള കോർട്ടേഴ്സുകളിൽ താമസിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗത്തിലെ 2% വീട്ടു വാടക ഒടുക്കേണ്ടതായിട്ടുള്ള ജീവനക്കാർ, വെൽഫെയർ ഓഫീസർമാർ എന്നിവരിൽ നിന്നും ടി തുക നാളിതുവരെ കുറവ് ചെയ്തിട്ടില്ലെങ്കിൽ ആയത് കുടിശിഖ സഹിതം തിരികെ പിടിക്കുന്നതിന് എല്ലാ DDO മാരെയും ചുമതലപ്പെടുത്തുന്നു. ടി വിഷയത്തിൻമേൽ സ്വീകരിച്ച നടപടി ബന്ധപ്പെട്ട സ്ഥാപന മേധാവികൾ യഥാവിധം അറിയിക്കുന്നതിന് താൽപ്പര്യപ്പെടുന്നു.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും,

പകർപ്പ് : ഓഫീസ് പകർപ്പ്/കരുതൽ ശേഖരം

A1-28642/2019/PrHQ

8c35f1